**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2780** **18-03-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ശിശുമരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. നജീബ് കാന്തപുരം | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ വർഷം അട്ടപ്പാടിയിൽ 9 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ; | (എ) | കഴിഞ്ഞ വർഷം അട്ടപ്പാടിയിൽ ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. 2. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്. 3. അർഹമായവർക്കെല്ലാം ജനനീ ജന്മരക്ഷാ പദ്ധതിയിൽ കുടിശ്ശികയില്ലാതെ തുക അനുവദിച്ചു. 4. പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. 5. ഐ.റ്റി.ഡി.പി.യുടെ ആംബുലൻസ് സർവ്വീസ് 24 മണിക്കൂർ ലഭ്യമാക്കി. 6. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിംഗ് ആരംഭിച്ചു. 7. ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകിവരുന്നു. 8. ODK APP മുഖേന ഗർഭിണികളുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് നിരീക്ഷിച്ചു വരുന്നു. 9. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലെ ആരോഗ്യ, പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ Consultant (Tribal Health & Nutrition) നിയമിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | നടപ്പ് വർഷം അട്ടപ്പാടിയിൽ ശിശുമരണങ്ങൾ | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | | |
| (സി) | ശിശുമരണങ്ങൾ തുടർന്നും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സർക്കാർ നടപടികൾ ഫലപ്രദമായിരുന്നില്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | സർക്കാർ നടപടികൾ ഫലപ്രദമായി നടപ്പാക്കുന്നതിനാൽ മുൻ വർഷങ്ങളേക്കാൾ ശിശുമരണ നിരക്ക് വളരെയേറെ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ആദിവാസി മേഖലകളിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | ആദിവാസി മേഖലകളിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ആരോഗ്യ കുടുംബ ക്ഷേമം, തദ്ദേശ സ്വയംഭരണം , ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് അനുയോജ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ